## നടപടി ക്രമം

**അഡീഷണൽ ഡയറക്ടർ ജനറൽ എൻ .സി .സി ,എൻ .സി ,സി ഡയറക്ടറേറ്റ്**
**(കേരളവും ലക്ഷദ്വീപും ) സംസ്ഥാന വിഭാഗം, തിരുവനന്തപുരം**
**(ഹാജർ : മേജർ ജനറൽ മൻദ്വീപ് സിംഗ് ഗിൽ )**

**എൻ .സി. സി ജീവനക്കാര്യം : കേരള ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സമാന തസ്തികയിലുള്ള തസ്തിക മാറ്റം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.**

നമ്പർ.35/എ6-എസ്റ്റാ/2019/എൻ.സി.സി തിരുവനന്തപുരം തീയതി: 15 സെപ്തംബർ 2021

സൂചന : (1) ജി.ഒ (പി) നമ്പർ 305/84/ജി.എ.ഡി തീയതി 31.08.1984.

(2) ജി.ഒ (കൈ) നമ്പർ 1/2018/ഉ.ഭ.പ.വ തീയതി 27 ജനുവരി 2018.

(3) ഈ ഡയറക്ടറേറ്റിലെ ഇതേ നമ്പർ നടപടി ക്രമം തീയതി 24.06.2021.

(4) ഈ ഡയറക്ടറേറ്റിലെ ഇതേ നമ്പർ നടപടി ക്രമം തീയതി 25.07.2021.

## ഉത്തരവ്

1. സൂചന (1) ലെ സർക്കാർ ഉത്തരവനുസരിച്ച് പൊതുവായ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിച്ച ഒരേ ശമ്പള സ്കെയിലിലിലുള്ള ക്ലാസ് ഫോർ ജീവനക്കാർക്ക് അവരുടെ അപേക്ഷ പ്രകാരം, തസ്തിക മാറ്റം അനുവദനീയമാണ്. അതിൻ പ്രകാരം തസ്തിക മാറ്റത്തിനുവേണ്ടി ലഭിച്ച അപേക്ഷകരിൽ നിന്നും നിലവിലുള്ള ഒഴിവുകളുടെ അടിസ്ഥാനത്തിൽ ടി അപേക്ഷകരിൽ ചിലർക്ക് സൂചന (4) പ്രകാരം തസ്തിക മാറ്റം അനുവദിച്ച് നൽകുകയുണ്ടായി.

2. ടി തസ്തിക മാറ്റ ഉത്തരവിൽ ഓപ്പൺ ഒഴിവില്ലാത്ത കാരണത്താൽ പരിഗണിക്കാൻ സാധിക്കാത്തവരുടെ അപേക്ഷ ഓപ്പൺ ഒഴിവ് വരുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണെന്ന് അറിയിച്ചിരുന്നു.

3. നിലവിൽ കോട്ടയം ജില്ലയിൽ ഒ.എ തസ്തികയുടെ ഒരു ഒഴിവ് ഉണ്ടായിട്ടുണ്ട്, ഈ സാഹചര്യത്തിൽ മേൽ പറഞ്ഞ അപേക്ഷകരിൽ ഒരാളായ, ശ്രീ ജോജി ചെറിയാൻ, ലാസ്കർ ഗ്രേഡ്-II ന് ഒ.എ ഗ്രഡ്-II തസ്തികയിൽ തസ്തികമാറ്റം അനുവദിച്ച് നൽകാവുന്നതാണ്.

4. മേൽ സാഹചര്യത്തിൽ ശ്രീ ജോജി ചെറിയാന്റെ അപേക്ഷയുടെ വിശദമായ പരിശോധനയിലും, നിലവിൽ ഒഴിവുണ്ടായതിനാലും എൻ.സി.സി. ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സ്, കോട്ടയം ഓഫീസിലെ ലാസ്കർ ഗ്രേഡ്-II ആയ ശ്രീ ജോജി ചെറിയാനെ ടി ഓഫീസിൽ ഒ.എ ഗ്രേഡ്-II ആയി പരാമർശം 1, 2 സർക്കാർ ഉത്തരവുകളുടെ വ്യവസ്ഥകൾക്ക് വിധേയമായി തസ്തികമാറ്റം അനുവദിച്ച് കൊണ്ട് ഉത്തരവാകുന്നു.

5. മേൽ വിവരിച്ച തസ്തിക മാറ്റം മുഖേന ലാസ്കർ ഗ്രേഡ്-II എന്ന തസ്തികയിൽ ഉണ്ടാകുന്ന ഒഴിവ് പി.എസ്.സി അല്ലെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിലവിലെ നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് നികത്തേണ്ടതാണ്. കൂടാതെ ചൗക്കിദാറിന്റെ അഭാവത്തിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ പ്രസ്തുത ഡ്യൂട്ടി റൊട്ടേഷൻ മുഖേന ചെയ്യേണ്ടതാണ് എന്നും അറിയിക്കുന്നു. തസ്തിക മാറ്റവും സ്ഥലം മാറ്റവും സംബന്ധിച്ച വിശദാംശങ്ങൾ മേൽ വിവരിച്ച വ്യക്തിയുടെ സർവ്വീസ് ബുക്കിൽ മേലധികാരി രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാകുന്നു.

ഒപ്പ്/ -xxx
**അഡീഷണൽ ഡയറക്ടർ ജനറൽ എൻ.സി.സി**

<u>പകർപ്പ്:</u>

1. എല്ലാ ഓഫീസുകൾക്കും വ്യക്തിക്കും വെബ്സൈറ്റ് മുഖേന
2. ഇന്റേർണൽ : എ -2 /ഐ.റ്റി സെൽ/സ്റ്റോക്ക് ഫയൽ/ഫയൽ/സർക്കുലേഷൻ

<u>ഉത്തരവിൻ പ്രകാരം</u>

എൻ.സി.സി ഡയറക്ടറേറ്റ് സംസ്ഥാന വിഭാഗം തിരുവനന്തപുരം-10 കേരളവും ലക്ഷദ്വീപും

**ASHOK KUMAR**
**PEN : 385270**
**Administrative Assistant**
**NCC Directorate (K&L)**
**Thiruvananthapuram - 10**